LIBRARY ARCHIVES Kerala Legislative Assembly

മറൈൻ ആംബുലൻസ്

7 (*727). ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ് സംവിധാനം ആരംഭിക്കുമെന്ന് 2013-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) മറൈൻ ആംബുലൻസ് സംവിധാനം ആരംഭിക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ 3 കോടി രൂപ മറൈൻ ആംബുലൻസ് സംവിധാനത്തിനായി നീക്കി വച്ചിട്ടുള്ളതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മറൈൻ ആംബുലൻസ് പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് പദ്ധതിയുടെ സ്പെസിഫിക്കേഷൻ കോൺസപ്റ്റ്, ഇംപ്ലിമെന്റേഷൻ എന്നിവയുടെ രൂപരേഖ തയ്യാറാക്കുന്നതിനായി വിവിധ വകുപ്പുകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും തുടർന്ന് മറൈൻ ആംബുലൻസ് രൂപ കൽപ്പന ചെയ്യാൻ തുറമുഖ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) മറൈൻ ആംബുലൻസ് സംവിധാനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

സ്ത്രീകളുടെ യാത്രാസുരക്ഷിതത്വം

8 (*728) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീയാത്രാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;